

# ST. MARY'S

## HIGHER SECONDARY SCHOOL, IRINJALAKUDA


Ph : 0480-2823107

www.stmaryshss.com

E-mail : stmaryshssirinjalakuda@yahoo.com


dreamstime

# ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘു ചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം
- പദ്ധതി വിശദാംശങ്ങൾ
- പ്രതീക്ഷിത നേട്ടം
- സമഗ്ര വികസന പദ്ധതി രൂപരേഖ
- മോണിറ്ററിങ്ങ്
- ഉപസംഹാരം

# ആമുഖം

**"ഒരു വിദ്യാലയം തുറക്കുമ്പോൾ**

**നൂറ് കാരാഗൃഹങ്ങൾ അടയ്ക്കപ്പെടുന്നു."**

**- വിക്ടർ ഹ്യൂഗോ**

**" മനുഷ്യനിലുള്ള സമ്പൂർണതയുടെ**

**ആവിഷ്ക്കാരമാണ് വിദ്യാഭ്യാസം."**

**-സ്വാമി വിവേകാനന്ദൻ**

മുകളിൽ കൊടുത്ത രണ്ടു വാക്യവും വിദ്യാലയത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പ്രാധാന്യത്തെ വിളിച്ചോതുന്നു. നമ്മളൊക്കെയും കാലങ്ങളിൽ യാത്രചെയ്യുന്നവരാണ്. യാത്രയിൽ നമുക്ക് അറിവും അനുഭവവും ഉണ്ടാകുന്നു. ഈ ഭൂമിയിലുള്ള അറിവിന്റെ വെളിച്ചം അശരണരും ദുർബലരുമായ സാധാരണ മനുഷ്യന് പകർന്നു നൽകിയതിൽ നമ്മുടെ സ്കൂളുകൾ വഹിച്ച പങ്ക് നിസ്തുലമാണ്.

അധീശവർഗത്തിന്റെ അടയാളമായിരുന്ന അറിവിനെ അധസ്ഥിതരുടെ പടവാളാക്കി മാറ്റുകയാണ് നാം ചെയ്തത്. മണ്ണിനോടു മല്ലിടുന്ന കൂലിവേലക്കാർക്കും കടലിനോട് പൊരുതുന്ന കടലിന്റെ മക്കൾക്കും ഒരു കാലത്ത് അപ്രാപ്യമായിരുന്ന വിദ്യയെ അവർക്കിടയിൽ സാർവ്വത്രികമാക്കുന്നതിൽ ഈ മാതൃകവിദ്യാലയം വലിയൊരു മുന്നേറ്റമാണ് നടത്തിയത്.

**നാട്ടിലെ ഓരോ കുട്ടിയും നാട്ടുവിദ്യാലയത്തിലേക്ക്** എന്ന മുദ്രാവാക്യത്തോടെ സെയ്ന്റ് മേരീസ് വിദ്യാലയത്തിലേക്ക് കടന്നു വന്നിരിക്കുകയാണ്.മികവിന്റെ പാതയിലായിരിക്കുന്ന സെയ്ന്റ് മേരീസ് വിദ്യാലയം അക്കാദമിക് മാസ്റ്റർ പ്ലാൻ സാദരം സമർപ്പിക്കുന്നു.

# ലക്ഷ്യങ്ങൾ

- 5 മുതൽ 10 വരെ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും(അന്താരാഷ്ട്ര നിലവാരത്തിൽ)ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
- കലാകായിക പ്രവൃത്തി പരിചയ പഠനത്തിൽ പങ്കാളിത്തവും താല്പര്യവും ഉറപ്പാക്കണം.
- ഓരോ കുട്ടിയും മൂന്ന ഭാഷയിലെങ്കിലും ആശയ വിനിമയശേഷി നേടണം.
- ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ച്ചപ്പാടിൽ ഓരോ ക്യാമ്പസും ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റും.
- വായനാശാല, ലബോറട്ടറി എന്നിവ ആധുനികവത്കരിക്കും.
- കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കും.

- പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കും.
- കായികക്ഷമത ഉറപ്പാക്കുന്നതിന് ഇൻഡോർ , ഔട്ട്ഡോർ കളികൾ പ്രോത്സാഹിപ്പിക്കും.
- തൊട്ടടുത്ത വിദ്യാലയങ്ങളെ കോർത്തിണക്കികൊണ്ട് സ്കൂൾ ക്ലസ്റ്റർ രീതി പരീക്ഷിക്കും. കലാകായിക ഇനങ്ങൾക്ക് ഇത് കൂടുതൽ ഉപകരിക്കും.
- സ്ത്രീ പുരുഷ പദവിയും തുല്യതയും സംബന്ധിച്ച് ഉയർന്ന ധാരണയുടെ അടിസ്ഥാനത്തിൽ നിലപാട് സ്വീകരിക്കുന്നവരും പെരുമാറുന്നവരുമായിരിക്കും ഈ വിദ്യാലയത്തിലെ കുട്ടികളും അധ്യാപകരും.
- സ്കൗട്ട് , ഗൈഡ്സ് , റെഡ് ക്രോസ് , ലിറ്റിൽ കൈറ്റ്സ് , ശുചിത്വസേന എന്നിവയെ ക്ലാസ് പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ചുമതലപ്പെടുത്തും.

➢ സ്ക്കൂൾ പാർലിമെന്റ് പ്രവർത്തനത്തിന് മാർഗരേഖ തയ്യാറാക്കും.

➢ നേത്രത്വപാഠവം വളർത്താനും അടിയന്തര സാഹചര്യങ്ങളെ നേരിടാനുള്ള പരിശീലനക്കളരിയായി സ്ക്കൂൾ പാർലിമെന്റിനെ പ്രയോജനപ്പെടുത്തും.

➢ ഓരോ ക്ലാസിലെയും പഠനബോധന പ്രവർത്തനങ്ങളിൽ സാമൂഹ്യസാമ്പത്തിക സാംസ്കാരിക വ്യത്യാസങ്ങളില്ലാതെ ഭിന്നശേഷിക്കാരായ കുട്ടികളെ കൂടി ഉൾക്കൊള്ളുന്ന രീതിയിൽ വിഷ്വൽ ഓഡിയോ അനുഭവങ്ങൾ ഐ. സി. ടി. സംവിധാനത്തിന്റെ സഹായത്തോടെ നൽകുന്ന പഠനരീതി ആവിഷ്ക്കരിക്കും.

# വിദ്യാലയത്തിന്റെ ലഘു ചരിത്രം

സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായി പൊതുജന ജീവിതത്തിൽ മാന്ദ്യത അനുഭവപ്പെട്ട കാലഘട്ടത്തിൽ ക്രൈസ്തവ മിഷനറിമാരുടെ ആഗമനവും കേരളസംസ്കാരത്തിൽ അവരുടെ സ്വാധീനവും നമുക്ക് കാണാൻ കഴിയും.

ജാതി മത വർണ്ണ വർഗ്ഗ ലിംഗ ഭേദമെന്യേ എല്ലാവർക്കും വിദ്യാഭ്യാസം എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് പള്ളിക്കൂടങ്ങൾ സ്ഥാപിച്ചത്.സെയ്ന്റ് മേരീസ് ദേവാലയത്തിന്റെ പണി ഏറേക്കുറെ പൂർത്തിയായ കാലഘട്ടം , കുറച്ച് മരം ബാക്കിയുണ്ട്. ഒരു സ്കൂൾ കെട്ടിടം പണിയാമെന്ന് ദേവാലയയോഗം തീരുമാനിച്ചു.പള്ളിയുടെ വടക്കുഭാഗത്ത് റോഡിനോട് ചേർന്നുള്ള പള്ളിവക സ്ഥലത്ത് സ്ക്കൂൾ കെട്ടിടം പണിതു.പള്ളിയോട് ചേർന്ന് ഒരു പള്ളിക്കൂടം ഉണ്ടാവുകയാണെങ്കിൽ ഈ പരിസരത്തുള്ള എല്ലാ കുട്ടികൾക്കും ജാതി മത ഭേദമെന്യേ നല്ല വിദ്യാഭ്യാസം

ലഭിക്കും. അങ്ങനെ 1922 ൽ പ്രൈമറിവിദ്യാഭ്യാസം സ്ഥാപിച്ചു.

സർവശ്രീ. എം. ഒ. പൗലോസ് മാളിയേക്കൽ , കെ. ജെ.ലാസർ കള്ളിക്കാടൽ ,ടി. എൽ. വർഗ്ഗീസ് തെക്കേക്കര തുടങ്ങിയവർ ആദ്യകാല അധ്യാപകരായിരുന്നു. അക്കാലത്ത് സ്കൂൾ നടത്തിപ്പിനായി സർക്കാരിൽ നിന്ന് ഒരു പൈസയും ഗ്രാന്റായി കിട്ടുകയില്ല. ഇംഗ്ലീഷ് പഠിപ്പിക്കുന്നുവെങ്കിൽ നാമ മാത്രമായ ഫീസ് പിരിക്കാം.നിർദ്ധനാവസ്ഥ കാരണം പകുതിയിൽ അധികം കുട്ടികളിൽ നിന്ന് ഫീസ് കിട്ടിയെന്ന് വരില്ല.

പള്ളിവകയായതിനാൽ വളരെ കർശനമായി ഫീസ് ഈടാക്കാനും പറ്റില്ല. അധ്യാപകർക്കു പള്ളിയിൽ നിന്നുതന്നെ ശമ്പളം കൊടുക്കണം. പള്ളിയുടെ സാമ്പത്തിക സ്ഥിതി മോശമായിക്കൊണ്ടിരുന്നു. അധ്യാപകർക്ക് ശമ്പളം കൊടുക്കാൻ സാധിക്കാതായി. ഇതിനിടയിൽ മാളിയേക്കൽ പൗലോസ് മാസ്റ്റർ ബാങ്ക്

ഉദ്യോഗസ്ഥനായും തെക്കെക്കര വർഗീസ് മാസ്റ്റർ ഗവ അധ്യാപകനാവുകയും കള്ളിക്കാടൻ ലാസർ മാസ്റ്റർ വ്യവസായരംഗത്തേക്ക് നീങ്ങുകയും ചെയ്തു. സ്കൂൾ പ്രവർത്തനം നിലച്ചു. വിദ്യാഭ്യാസമേഖലയിൽ മുന്നിട്ട് നിൽക്കുന്ന കത്തോലിക്കാ സമുദായത്തിന് സ്കൂൾ അനുവദിക്കുക പ്രയാസമുള്ള സാഹചര്യത്തിൽ ശ്രീ. പി.ശങ്കരൻ നമ്പ്യാർ താൽക്കാലിക വിദ്യാഭ്യാസ ഡയറക്ടറായി നിയമിതനായി.ഈ സമയം സെന്റ് മേരീസ് സ്കൂൾ വീണ്ടും തുടങ്ങാൻ ഇടവകയിലെ പ്രമുഖർ തീരുമാനിച്ചു.

ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് വിദ്യാലയത്തിന്റെ പേര് സെയ്ന്റ് മേരീസ് അപ്പർ പ്രൈമറി സ്ക്കൂൾ എന്നാക്കി. ഇന്നത്തെ എസ്. എസ്. എൽ. സി. പോലെ അന്ന് ഏഴാം ക്ലാസിൽ പബ്ലിക് പരീക്ഷയായിരുന്നു. 1946 ൽ സെയ്ന്റ് മേരീസ് സ്കൂളിൽ നിന്ന് പരീക്ഷയെഴുതിയ 100 ശതമാനം വിദ്യാർത്ഥികളും പാസായി. മൂന്ന് ഫസ്റ്റ് ക്ലാസുകളും കിട്ടി. ഈ കാലഘട്ടത്തിൽ ജില്ലയിലെ ഏറ്റവും

മികച്ച വിദ്യാലയങ്ങളിൽ ഒന്നായിരുന്നു ഈ വിദ്യാലയം.

1980 ൽ ഫാ. ജോൺ വാഴപ്പിള്ളിയുടെ നേതൃത്വത്തിൽ പള്ളിക്കമ്മിറ്റിയും പി. ടി. എ. യും ഇടവക ജനതയുമെല്ലാം കൂട്ടായി പ്രവർത്തിച്ചതിന്റെ ഫലമായി സെയ്ന്റ് മേരീസ് അപ്പർ പ്രൈമറി സ്കൂൾ ഹൈസ്കൂളായി ഉയർന്നു.1984-ൽ ഹൈസ്ക്കൂൾ ആയി ഉയർത്തിയ സെയ്ന്റ് മേരീസ് വിദ്യാലയത്തിലെ ആദ്യ എസ്. എസ്. എൽ. സി. ബാച്ചിൽ പരീക്ഷ എഴുതിയ 100% വിദ്യാർത്ഥികളും വിജയം കൈവരിച്ചു. വിജയവീഥിയിൽ നാലാം പതിറ്റാണ്ടോടടുത്ത് നിൽക്കുന്ന സെയ്ന്റ് മേരീസ് വിദ്യാലയം സമഗ്ര വളർച്ചയുടെ പാതയിൽ ബഹുദൂരം മുന്നേറിക്കൊണ്ടിരിക്കുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം

# FOUR PILLARS OF OUR SCHOOL

- Students
- PTA and MPTA
- Teacher's and Management
- Society

## STRENGTH OF OUR SCHOOL

➔ **Students**

പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികൾ.

➔ **Teachers**

- സേവനസന്നദ്ധതയും പ്രവർത്തനമികവും ആത്മാർത്ഥതയും പുലർത്തുന്ന അധ്യാപകർ.
- വിദ്യാലയത്തിന്റെ പുരോഗതിക്കായി നിസ്വാർത്ഥവും ത്യാഗ

നിർഭരവുമായ സേവനം കാഴ്ച്ചവെക്കുന്ന  അധ്യാപകർ.

- കമ്പ്യൂട്ടർ പരിജ്ഞാനം സിദ്ധിച്ച അധ്യാപകർ.
- തങ്ങളുടെ കഴിവും സമയവും സമ്പത്തും വിദ്യാർത്ഥികൾക്കായി ചിലവഴിക്കുന്ന അധ്യാപകർ.
- കുട്ടികളുടെ ഭവനങ്ങൾ സന്ദർശിച്ച് ജീവിത സാഹചര്യങ്ങൾ മനസ്സിലാക്കി ആവശ്യമായ താങ്ങ് നൽകുന്ന അധ്യാപകർ.

## ➔ PTA AND MPTA

- വിദ്യാലയ പുരോഗതിക്കു വേണ്ടി അക്ഷീണം പ്രയത്നിക്കുന്ന  പി ടി എ , എം പി ടി എ
- സഹകരണമുള്ള മാതാപിതാക്കൾ.

## ➔ Management

- വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ആവശ്യങ്ങളറിഞ്ഞ്  പ്രവർത്തിക്കുന്ന മാനേജ്മെന്റ്.

- സ്കൂളിന്റെ ആവശ്യങ്ങളിൽ എന്തിനും എപ്പോഴും തുണയായുള്ള മാനേജ്മെന്റ്.

**→ Society**

മികവിന്റെ പാതയിലായ സെയ്ന്റ് മേരീസ് വിദ്യാലയത്തെ മുന്നോട്ട് നയിക്കുന്നതിൽ ഒരു പ്രധാന ഘടകം സമൂഹമാണ്.

# നിലവിലെ അവസ്ഥാ വിശകലനം

## →ഭൗതീകം

ചുറ്റുമതിലോടു കൂടിയ സ്കൂൾ കെട്ടിടം ഉണ്ട്. എല്ലാ സൗകര്യങ്ങളോടും കൂടിയ ക്ലാസ്മുറി, അടുക്കള, ലൈബ്രറി, ലബോറട്ടറി എന്നിവ ഉണ്ട്.ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പര്യാപ്തമായ വിധത്തിൽ ടോയ്‌ലറ്റ് സൗകര്യം മൂന്ന കുടിവെള്ള സൗകര്യവും ഒരുക്കിയിരിക്കുന്നു.

## →ഐ ടി സാമഗ്രികൾ

കമ്പ്യൂട്ടർ (ലാപ്പ്ട്ടോപ്പ് , ഡസ്ക് ടോപ്പ്) , പ്രൊജക്ടർ എന്നിവ ഉണ്ട്.ഇന്റർനെറ്റ് കണക്ഷൻ , വെബ് സൈറ്റ് വിക്ടർ ചാനലിന്റെ ലഭ്യത സ്മാർട്ട് ക്ലാസ് റൂം എന്നിവ ഉണ്ട്.

## → മറ്റു പ്രവർത്തനങ്ങൾ

ലാബ് , ലൈബ്രറി , വായനാമുറി, കമ്പ്യൂട്ടർ ലാബ് എന്നിവ വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. സബ്ജക്ട് കൗൺസിൽ പ്രവർത്തന സന്നദ്ധമാണ്. SRG ആഴ്ച്ചയിൽ 2 പ്രാവശ്യം കൂടുന്നു. പി. ടി. എ. , എം. പി. ടി.

എ. 8 യോഗങ്ങൾ കൂടി.  സ്കൂൾ വികസന സമിതി ,ജാഗ്രതാ സമിതി എന്നിവ സജീവമാണ്.

→ **ക്ലബ് പ്രവർത്തനം**

സയൻസ് ക്ലബ് , ഗണിത ക്ലബ് , സാമൂഹ്യശാസ്ത്ര ക്ലബ് , കാർഷിക ക്ലബ് , ഹെൽത്ത് ക്ലബ് , വിദ്യാരംഗം കലാസാഹിത്യവേദി , ഗാന്ധിദർശൻ , റോഡ് സുരക്ഷാ ക്ലബ് , ഇക്കോ ക്ലബ് , ഇംഗ്ലീഷ് ക്ലബ് , ഐ.ടി ക്ലബ് , ബ്ലൂ ആർമി , എനർജി ക്ലബ് എന്നിവ വളരെ സജീവമായി പ്രവർത്തിക്കുന്നു.ദിനാചരണങ്ങൾ , ബോധവൽക്കരണ ക്ലാസുകൾ , വ്യത്യസ്ത മത്സരങ്ങൾ , ക്വിസ് പ്രോഗ്രാം , പച്ചക്കറിത്തോട്ടം , അഭിമുഖങ്ങൾ , സെമിനാർ , ശുചിത്വ ബോധവൽക്കരണം , യോഗാ ക്ലാസുകൾ , ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ , വിദഗ്ദരുടെ ക്ലാസുകൾ , ശാസ്ത്രമേള , സാഹിത്യ വാസനകൾ വളർത്തുന്ന സർഗാത്മക രചന , അഭിമുഖങ്ങൾ , പുരാവസ്തു പ്രദർശനം , റോഡ് നിയന്ത്രണം , റോഡ് നിയമങ്ങൾ മനസ്സിലാക്കൽ , പ്രൊജക്ട് അവതരണം

തുടങ്ങിയ പ്രവർത്തനങ്ങൾ ക്ലബുകളുടെ നേതൃത്വത്തിൽ നടത്തുന്നു.

**→അധ്യാപകൻ**

അധ്യാപകർക്ക് നൽകി വരുന്ന പരിശീലന പരിപാടിയിൽ മുഴുവൻ അധ്യാപകരും പങ്കെടുക്കുന്നുണ്ട്. കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി പരിശീലനവേളയിൽ നേടിയ അനുഭവങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. ക്ലാസ് മുറിയിലെ കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ പഠനപ്രവർത്തനത്തിലും പ്രക്രിയകളിലും മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ട് മുന്നോട്ട് പോകാൻ കഴിയുന്നുണ്ട്. ഓരോ അധ്യാപകർക്കുമുള്ള സവിശേഷ കഴിവുകൾ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് പകർന്നുകൊടുക്കാൻ ശ്രമിക്കുന്നുണ്ട്. സ്കൂൾ തലത്തിൽ വിവിധ മേളകൾ നടത്തുന്നു.അതിനാവശ്യമായ ആസൂത്രണങ്ങൾ എസ് ആർ ജി യിൽ വേണ്ട രീതിയിൽ നടത്തുന്നുണ്ട്. അവരുടെ

കഴിവുകളനുസരിച്ച് ചുമതലകൾ വിഭജിച്ച് നൽകിയാണ് സ്കൂൾ തല മേളകൾ സംഘടിപ്പിക്കുന്നത്.വിവിധ മേളകളിലും മറ്റ മത്സരങ്ങളിലും സബ് ജില്ലാ , ജില്ലാ - സംസ്ഥാനതലം വരെ നമ്മുടെ കുട്ടികളെ പങ്കെടുപ്പിക്കാൻ സാധിച്ചു. കുട്ടികളുടെ രക്ഷിതാക്കളുമായി ആഴത്തിലുള്ള ബന്ധം പുലർത്തുന്നു.ക്ലാസ് പി. ടി. എ. കളിൽ നടക്കുന്ന സജീവമായ തുറന്ന ചർച്ചകളും അക്കാദമിക് പ്രവർത്തനങ്ങൾക്ക് മേന്മയേകാൻ സഹായകരമാകുന്നു.വിമർശനങ്ങളെ പോസിറ്റീവായി എടുത്തുകൊണ്ട് മാറ്റങ്ങൾ വരുത്താനും നമുക്ക് സാധിക്കുന്നു.

## വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലെ അവസ്ഥാ (കഴിഞ്ഞകാല പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ആണ് ഇവിടെ നടക്കേണ്ടത്) |
|---|---|
| സബ്ജക്ട് കൗൺസിൽ | മാസത്തിൽ 2 പ്രാവശ്യം |
| എസ് .ആർ. ജി. | മാസത്തിൽ 2 പ്രാവശ്യം |
| പി. ടി. എ. | 8 യോഗം |
| എം. പി. ടി. എ. | 8 യോഗം |
| സ്കൂൾ വികസന സമിതി | |
| ജാഗ്രതാ സമിതി | |
| ക്ലബ് പ്രവർത്തനങ്ങൾ | മികച്ച പ്രവർത്തനങ്ങൾ |
| ലൈബ്രറി | പ്രവർത്തന നിരതം |
| ലാബ് പ്രവർത്തനങ്ങൾ കമ്പ്യൂട്ടർ,ഇന്റഗ്രേറ്റഡ് ലാബ് | പ്രവർത്തന നിരതം |

# HS വിഭാഗം

# മേഖല ഹൈസ്കൂൾ

## ഇംഗ്ലീഷ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | Spoken English class, English cartoon പ്രദർശനം | Academic year | PTA,teachers | PTA, management |
| 2 | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema documentry, profile script തയ്യാറാക്കുന്നതിനു വേണ്ടി ഇംഗ്ലീഷ് സിനിമയുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു. Role play, English day ആചരണം, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്തു കൊറിയോഗ്രാഫി തയ്യാറാക്കി ക്ലബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | Class room Activities<br><br>Academic year | Teachers, SRG<br><br>English teachers | English club, management<br><br>PTA, English club |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 4 | Dramatisation | English assembly,skit പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി skit കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. Live news reporting , speech choir | Classroom activities | SRG teachers | PTA |
| 5 | കവിതാലാപനത്തിനും കവിതാരചനയ്ക്കും പ്രാപ്തരാക്കുന്നു | English audio കേൾക്കാനുള്ള അവസരം കവിതാരചന ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | Classroom activities saturdays | teachers | English club |
| 6 | സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ english ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുക | പ്രശസ്ത എഴുത്തുക്കാർ നിരൂപകർ വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായി അഭിമുഖം നടത്തുന്നു. english film കാണാനുള്ള അവസരം | അക്കാദമിക വർഷം | Teachers PTA SRG | ENGLISH CLUB |
| 7 | മാതൃഭാഷപ്പോലെ ത്തന്നെ english കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കുന്നു. | കുട്ടികളോട് അവരുടെ ജീവിതാഭിലാഷം english സംസാരിക്കാൻ അവസരം നൽകുന്നു.(I have a dream) | അക്കാദമിക വർഷം | Teachers | English club |
| | | | | | |

# HS വിഭാഗം Malayalam

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളുടെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ് , അക്ഷരം ഉറപ്പിക്കൽ , ചിഹ്നങ്ങൾ ഉറപ്പിക്കൽ , അക്ഷര കാർഡ് കൊടുക്കുക , വാക്കുകൾ എഴുതിയ കാർഡ് നൽകുക , വാക്കുകൾ , വാക്യങ്ങൾ നിർമ്മിക്കൽ , ചിത്രം നൽകി അടിക്കുറിപ്പ് , ചിത്രം നൽകി കഥ എഴുതാൻ , ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് നടത്തുന്നു | രണ്ടു മാസം | പുസ്തകങ്ങൾ ചിത്രങ്ങൾ | അധ്യാപകർ |
| 2 | കുട്ടികളെ വായിക്കാൻ കഴിവുള്ളവർ ആക്കുക | ക്ലാസ്സ് , വായനക്കൂട്ടം രൂപീകരിക്കൽ , വായനോത്സവം സംഘടിപ്പിക്കൽ , പത്രവായന , പുസ്തക ചർച്ച , വായനാനുഭവക്കുറിപ്പ് , വായനാക്കുറിപ്പ് പതിപ്പ് , | നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം , ദിനാചരണം , സാഹിത്യകാരന്മാരുമായുള്ള അഭിമുഖം , ആസ്വാദ്യകരമായിട്ടുള്ള വായന | | | |
| 3 | കുട്ടികളെ മികച്ച എഴുത്തുകാരൻ ആക്കുക | വായനക്കുറിപ്പ് , പുസ്തക ചർച്ച , എഴുത്തുകൂട്ടം രൂപീകരണം , വ്യക്തിഗത രചന സംഘരചന , സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | നാലു മാസം | ലൈബ്രറി പുസ്തകങ്ങൾ ഫോട്ടോകൾ | അധ്യാപകർ , പി ടി എ |
| 4 | സദസ്സിനെ അഭിമുഖീകരിക്കുവാൻ പ്രാപ്തനാക്കുക | വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക , പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക | ആറു മാസം | ഓഡിയോ വീഡിയോ | അധ്യാപകർ |

# HS , UP വിഭാഗം Sanskrit

## പഠന ലക്ഷ്യങ്ങൾ

- ➔ സംസ്കൃത പഠനത്തിൽ താല്പര്യമുണ്ടാക്കുന്നു
- ➔ ഭാഷാ പഠനം രസകരമാക്കുന്നു
- ➔ വാക്യങ്ങൾ പദങ്ങൾ അക്ഷരങ്ങൾ എന്നിവ തിരിച്ചറിയാനും വായിക്കാനും എഴുതാനുമുള്ള കഴിവ് നേടുന്നു
- ➔ അക്ഷരങ്ങൾ വ്യക്തതയോടെ ഉച്ചരിക്കാനും വാക്യങ്ങൾ സുഭാഷിതങ്ങൾ ലഘു കവിതകൾ എന്നിവ വായിക്കുവാനും എഴുതുവാനും ആലപിക്കുവാനും കഴിവുനേടുന്നു.
- ➔ സംസ്കൃത ഭാഷയിൽ സംസാരിക്കാനുള്ള അറിവ് നേടുന്നു
- ➔ ചരിത്രാവബോധം ശാസ്ത്രബോധം എന്നിവ നേടുന്നു
- ➔ പൗരധർമ്മം ലിംഗ സമത്വം ജനാധിപത്യം എന്നീ മൂല്യങ്ങളെ ഉൾക്കൊള്ളുന്ന തലമുറയെ സൃഷ്ടിക്കുന്നു
- ➔ കയ്യെഴുത്ത് മാസികകൾ നിഘണ്ടുകൾ ഡോക്യുമെൻററികൾ ഹ്രസ്വ ചിത്രങ്ങൾ എന്നീ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ പ്രാപ്തരാക്കുന്നു
- ➔ സംസ്കൃതോത്സവങ്ങൾ , ദിനാചരണങ്ങൾ , പ്രദർശിനികൾ എന്നിവ സംഘടിപ്പിക്കുന്നതിനും അവതരിപ്പിക്കുന്നതിനും പ്രാപ്തരാക്കുന്നു

| | | | | | |
|---|---|---|---|---|---|
| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| 1 | കേൾവി | സംസ്കൃത കവിതകൾ , ലഘുഗാനങ്ങൾ , സുഭാഷിതങ്ങൾ , അക്ഷരഗാനങ്ങൾ , സംഖ്യാഗാനങ്ങൾ , വിഭക്തി ഗാനങ്ങൾ , ക്രീഡാ ഗാനങ്ങൾ എന്നിവ കേൾപ്പിക്കുന്നു. പാടുന്നു. ഗ്രൂപ്പ് ആയി അവതരിപ്പിക്കുന്നു.ചെറിയ കഥകൾ പാഠഭാഗങ്ങളുടെ ശബ്ദരേഖകൾ എന്നിവ കേൾപ്പിക്കുന്നു (എല്ലാദിവസവും 10 മിനിറ്റ്) | ജൂൺ സെപ്റ്റംബർ | സംസ്കൃത സമിതി അധ്യാപകൻ | ഇല്ല |
| 2 | ഉച്ചാരണം | അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വാക്യങ്ങൾ പ്രദർശിപ്പിച്ച് ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു .ഉച്ചാരണ സ്ഥാനങ്ങൾ ഉറപ്പിക്കുന്നു. സുഭാഷിതങ്ങൾ ശ്ലോകങ്ങൾ എന്നിവ അക്ഷരശുദ്ധിയോടെ ചൊല്ലാൻ പരിശീലിപ്പിക്കുന്നു. കഥകൾ ഭവാത്മകതയോടെ വായിക്കുവാൻ പരിശീലിപ്പിക്കുന്നു .ഒറ്റയ്ക്കും സംഘമായും വായിക്കുവാനും പാടുവാനും അവസരം ഒരുക്കുന്നു | ജൂൺ സെപ്റ്റംബർ | സംസ്കൃത സമിതി അധ്യാപകൻ | ഇല്ല |
| 3 | എഴുത്ത് | സമാന അക്ഷരമുള്ള പദങ്ങൾ എഴുതിപ്പിക്കുന്നു. ചിത്രങ്ങൾ കണ്ട് പദങ്ങൾ എഴുതുന്നു .അഭ്യാസപുസ്തികയിൽ മാതൃക | ജൂലൈ ജനുവരി | സംസ്കൃത സമിതി അ | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | കണ്ട് എഴുതാൻ പരിശീലിപ്പിക്കുന്നു .രണ്ടുവര പുസ്തികയിൽ അക്ഷരങ്ങൾ പദങ്ങൾ വാക്കുകൾ എന്നിവ ചിഹ്നങ്ങളോടുകൂടി എഴുതാൻ പരിശീലിപ്പിക്കുന്നു .സംയുക്ത അക്ഷരങ്ങൾ കണ്ടെത്തി വർണ്ണവിച്ഛേദം ചെയ്ത് എഴുതിക്കുന്നു .കേട്ടെഴുത്ത്, കണ്ടെഴുത്ത് എന്നിവ നടത്തുന്നു .വിഭക്തി ലിംഗ വചനങ്ങൾ അനുസരിച്ച് എഴുതാൻ പരിശീലിക്കുന്നു .ചെറുവാക്യങ്ങൾ , ചെറു കവിതകൾ പദടിപ്പണികൾ ശീർഷകങ്ങൾ എന്നിവ ആശയങ്ങൾക്കനുസരിച്ച് എഴുതിപ്പിക്കുന്നു .രചന മത്സരങ്ങൾക്കായി പരിശീലിപ്പിക്കുന്നു .മലയാള വാക്യങ്ങളെ സംസ്കൃതത്തിലേക്ക് വിവർത്തനം ചെയ്യാൻ പഠിപ്പിക്കുന്നു. | | ധ്യാപകൻ | |
| 4 | വായന | അക്ഷരങ്ങൾ , പദങ്ങൾ , വാക്യങ്ങൾ , ചിത്രങ്ങൾ എന്നിവയുടെ കാർഡുകൾ ഉണ്ടാക്കുന്നു.അവ ഉപയോഗിച്ച് വായിക്കാൻ പരിശീലിപ്പിക്കുന്നു. പാഠഭാഗങ്ങളുടെ വായന നിർബന്ധമാക്കുന്നു. അനുബന്ധമായി ലൈബ്രറിയിലെ സംസ്കൃത പുസ്തകങ്ങൾ ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നു. കഥ , കവിത , വായനക്കാർഡുകൾ , ചിത്രപദ കോശങ്ങൾ എന്നിവ വായനയ്ക്കായി | ഒരു വർഷം | സംസ്കൃത സമിതി അധ്യാപകൻ | ഇല്ല |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | ഉപയോഗിക്കുന്നു. സംസ്കൃതമാധുരിയിലെ പുസ്തകങ്ങൾ ഇതിനായി ഉപയോഗിക്കുന്നു. വായനോത്സവങ്ങൾ , വാർത്തവായന , പുസ്തക പാരായണം എന്നിവ ക്ലാസ് തലത്തിലും സ്കൂൾതലത്തിലും സംഘടിപ്പിക്കുന്നു | | | |
| 5 | കോശ നിർമ്മാണം , കയ്യെഴുത്ത് മാസിക | ചിത്രങ്ങൾ പദങ്ങളോട് ചേർത്ത് ചിത്രപദകോശം നിർമ്മിക്കുന്നു .പുല്ലിംഗപദങ്ങൾ , സ്ത്രീ ലിംഗപദങ്ങൾ , നപുംസകലിംഗ പദങ്ങൾ എന്നിവയുടെ പദകോശം നിർമ്മിക്കുന്നു .ക്ത്വാന്തം ല്യബന്തം തുമുന്നന്തം എന്നിവയുടെ അവ്യയ പദകോശം നിർമ്മിക്കുന്നു .ക്രിയാപദങ്ങളുടെ ക്രിയാപദകോശം നിർമ്മിക്കുന്നു .എന്റെ കവിതാ പുസ്തകം എൻറെ കഥാപുസ്തകം എന്നിങ്ങനെ കയ്യെഴുത്ത് മാസിക തയ്യാറാക്കുന്നു | ഒരു വർഷം | സംസ്കൃത സമിതി അധ്യാപകൻ | ഇല്ല |
| 6 | ചരിത്രാവബോധം | മഹാന്മാരെ തിരിച്ചറിയുന്നതിനായി ഭിത്തി പത്ര നിർമ്മാണം , ജീവചരിത്ര ലേഖനം , പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുന്നു | ഒരു വർഷം | സംസ്കൃത സമിതി അധ്യാപകൻ | ഇല്ല |
| 7 | ശാസ്ത്ര അവബോധം | ശാസ്ത്രകാരന്മാരുടെ വിവരശേഖരണം , ശാസ്ത്ര ഗ്രന്ഥങ്ങളുടെ പ്രദർശനം , ശാസ്ത്ര കേന്ദ്രങ്ങളിലേക്കുള്ള സന്ദർശനം എന്നിവ | ഒരു വർഷം | സംസ്കൃത സമിതി അ | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | സംഘടിപ്പിക്കുന്നു. | | ധ്യാപകൻ | |
| 8 | പൗരബോധം ലിംഗസമത്വം ജനാധിപത്യം | പാഠഭാഗങ്ങളിലെ മൂല്യബോധങ്ങളെ ഉറപ്പിക്കുന്നതിനു വേണ്ടി സെമിനാറുകൾ , സംവാദങ്ങൾ , ശിൽപ്പശാലകൾ ,പഠനകേളികൾ , പഠനയാത്രകൾ എന്നിവയിൽ കുട്ടികളെ പങ്കാളികളാക്കുന്നു | ഒരു വർഷം | സംസ്കൃത സമിതി അധ്യാപകൻ | ഇല്ല |
| 9 | അവതരണം | പാഠഭാഗങ്ങളുടെ ക്ലാസ് തല അവതരണങ്ങൾ , സംസ്കൃതോത്സവങ്ങളിലെ അവതരണങ്ങൾ , അക്ഷരശ്ലോക സദസ്സുകൾ , കവിയരങ്ങ്, സംസ്കൃതസംഭാഷണകൗശലം നേടുന്ന നാടക കളരികൾ , പാഠകങ്ങൾ , സംസ്കൃത കലാരൂപങ്ങളുടെ അവതരണങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. | ഒരു വർഷം | സംസ്കൃത സമിതി അധ്യാപകൻ | ഇല്ല |
| 10 | ചിത്രീകരണം | പാഠഭാഗങ്ങളുടെ ചിത്രീകരണം , ഡോക്യുമെന്ററികൾ , റീലുകൾ , സംസ്കൃത ലഘുചിത്രങ്ങൾ എന്നിവ നിർമിക്കാൻ പരിശീലിപ്പിക്കുന്നു | ഒരു വർഷം | സംസ്കൃത സമിതി അധ്യാപകൻ | ഇല്ല |
| | | | | | |

# HS വിഭാഗം IT

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| **1** | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ഐസിടി സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക | സ്കൂൾ അധ്യാപിക പരിശീലനം സംഘടിപ്പിക്കുക ഓരോ കാലഘട്ടത്തിലും മാറിവരുന്ന സോഫ്റ്റ്‌വെയറുകൾ ഐസിടി ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്ന | അക്കാദമിക വർഷം | ഐസിടി പരിശീലനം നേടിയ അധ്യാപകർ | |
| **2** | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക | ഐസിടി പഠന വിഭവങ്ങൾ സ്കൂൾതലത്തിൽ തയ്യാറാക്കുക. ഇതിനായി സ്കൂൾ തലത്തിൽ ഐസിടി ശില്പശാലകൾ സംഘടിപ്പിക്കുക | അക്കാദമിക വർഷം | ഐസിടി പരിശീലനം നേടിയ അധ്യാപകർ | |
| **3** | പഠന പ്രവർത്തനങ്ങളിലൂ | പ്രസ്സ് ചലച്ചിത്രം നിർമ്മാണങ്ങൾ | അക്കാദ | ഐസിടി | |

| | | | | | |
|---|---|---|---|---|---|
| | ടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക | സംഘടിപ്പിക്കുക ഇതുവഴി പഠനത്തിലൂടെ പരിചരിച്ച സാങ്കേതിക വിധികൾ പ്രായോഗികതലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു | മിക വർ ഷം | പരിശീ ലനം നേടിയ അ ധ്യാപ കർ | |
| 4 | ഓരോ കാലഘട്ടത്തിലും സാങ്കേതിക വിധികൾ നൂതനമാക്കുന്ന അതോടൊപ്പം ദുരുപയോഗം നടത്തുന്ന ഇത്തരം ദുരുപയോഗങ്ങളെ കുറിച്ച് വിദ്യാർത്ഥികളെ യും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കു ക | സൈബർ ദുരുപയോഗങ്ങൾക്ക് എതിരെയുള്ള ബോധവൽക്കരണം മാറിമാറി വരുന്ന സാങ്കേതികവിദ്യകളെ കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിന് ആവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അ ക്കാദ മിക വർ ഷം | സൈ ബർ സെൽ , സൈ ഡ് ലൈൻ | |
| 5 | സ്മാർട്ട് ക്ലാസ്സ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയധിഷ്ഠിതമായ ഐസിടി ഉപയോഗിച്ചുകൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു. അതിന് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലനം നൽകുന്നു | | ഐസ ിടി പരിശീ ലനം നേടിയ അ ധ്യാപ കർ | |

# HS വിഭാഗം Hindi

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കുന്നതിനും എഴുതുന്നതിനും സംസാരിക്കുന്നതിനും ആശയ വിനിമയം നടത്തുന്നതിനുമുള്ള ശേഷി വർദ്ധിപ്പിക്കൽ | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു | ജൂൺ ആദ്യ വാരം | ഹിന്ദി അധ്യാപകൻ | |
| 2 | | ഓരോ ക്ലാസിലും ദിവസവും ഹിന്ദിയും വായിപ്പിക്കുക ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക ഹിന്ദിയിൽ എണ്ണം ആഴ്ച മാസം എന്നിവയുടെ ദൈനംദിന അവതരണം | | ഹിന്ദി അധ്യാപകൻ | |
| 3 | CWSN കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ | CWSN , SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ , പല വർണ്ണങ്ങളിൽ ആകർഷകരമായി | ആഴ്ചയിൽ ഒരു പ്രാവശ്യം | ഹിന്ദി അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| | | അക്ഷരമാല അവതരണം | | | |
| 4 | | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ , ജീവനികൾ , ആത്മകഥകൾ , കവിതകൾ , കഥകൾ എന്നിവ വായിക്കുക | ആഴ്ചയിൽ ഒരു പ്രാവശ്യം | ഹിന്ദി അധ്യാപകൻ | |
| 5 | | ഹിന്ദി അസംബ്ലി നടത്തുക | ദിനാചരണവുമായി ബന്ധപ്പെട്ട് | ഹിന്ദി അധ്യാപകൻ | |
| 6 | | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക | പ്രതിദിനം | ഹിന്ദി അധ്യാപകൻ | |
| 7 | | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം, ഹിന്ദി ഡോക്യുമെന്ററി , സിനിമ കാണാനുള്ള അവസരം , വാർത്തകൾ കാണാനുള്ള അവസരം | ആറുമാസം | ഹിന്ദി അധ്യാപകൻ , ക്ലാസ് അധ്യാപകർ , മറ്റ് അധ്യാപകർ | |

# HS വിഭാഗം Physical science

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ശാസ്ത്ര ലോകത്തേക്ക് | ശാസ്ത്ര കാര്യങ്ങൾ അന്വേഷിക്കുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുന്നു | പത്രങ്ങൾ, ശാസ്ത്രമാസിക എന്നിവ വായിച്ച് കുറിപ്പ് തയ്യാറാക്കുന്നു. പത്രക്കുറിപ്പ് ശേഖരിച്ച് ശാസ്ത്ര ആൽബം തയ്യാറാക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | സയൻസ് ക്ലബ് |
| അത്ഭുത കണ്ണിലൂടെ | കൗതുകം ജിജ്ഞാസ നിരീക്ഷണ പാഠവം എന്നിവ പരിപോഷിപ്പിക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുന്നിൽ കാണിച്ചുകൊടുക്കാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുന്നു. ശാസ്ത്ര പ്രദർശനം നടത്തുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | സയൻസ് ക്ലബ് |
| ശാസ്ത്ര സെമിനാർ | ആനുകാലിക വിഷയങ്ങളിൽ അറിവ് നേടുക, ശാസ്ത്ര ലോകത്തെ പുതിയ വെല്ലുവിളികൾ മനസ്സിലാക്കുക | Intelligence, drug demerit തുടങ്ങിയ ആനുകാലിക വിശയങ്ങളിൽ പ്രമുഖരെകൊണ്ട് സെമിനാറുകൾ സംഘടിപ്പിക്കുക | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | സയൻസ് ക്ലബ് |

| | | | | | |
|---|---|---|---|---|---|
| പ്രതിഭാ ക്ലാസുകൾ, കൈത്താങ്ങ് | 8,9,10 ക്ലാസുകളിലെ ഫിസിക്സ്, കെമിസ്ട്രി വിശയങ്ങളിൽ മികച്ച നിലവാരം പുലർത്തുന്ന വിദ്യാർത്ഥികൾക്കും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടകൾക്കും പരിശീലനം നൽകുക. | പഠനത്തിൽ മികച്ച കുട്ടികൾക്ക് വേണ്ടി സ്പെഷ്യൽ കോച്ചിങ്ങ് നൽകുന്നു. 30 % ത്തിൽ കുറവ് ലഭിച്ചവർക്ക് പ്രത്യേക ക്ലാസ് നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | സയൻസ് ക്ലബ് |
| പഠനയാത്ര | ശാസ്ത്ര അവബോധം വളർത്തൽ | ശാസ്ത്രവുമായി ബന്ധപ്പെട്ട് exhibition, seminar എന്നിവ കാണുവാൻ പഠനയാത്ര സംഘടിപ്പിക്കുന്നു. പനമ്പിള്ളി കോളേജിൽ ശാസ്ത്ര മ്യൂസിയം കാണാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | സയൻസ് ക്ലബ് |

# HS വിഭാഗം Biology

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വീട് വിദ്യാലയം എന്നിവിടങ്ങളിൽ പച്ചക്കറി തോട്ടം ഔഷധത്തോട്ടം എന്നിവ ഒരുക്കുക | പോഷകമൂല്യമുള്ള ഭക്ഷണം കഴിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി ഉച്ച ഭക്ഷണ പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ വീടുകളിൽ നിന്നും തൈകൾ കൊണ്ടുവന്നു നട്ടുന്നു | അക്കാദമിക വർഷം | എക്കോ ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് എൻവിയോൺമെൻറ് ക്ലബ്ബ് | കൃഷിവകുപ്പ് |
| വിത്ത് ബോൾ നിർമ്മിച്ച ചെടി ഉൽപാദനം | വിദ്യാലയം ഹരിതാഭം ആക്കുന്നതിനുവേണ്ടി വിത്ത് ബോൾ നിർമ്മിക്കുന്നു | അക്കാദമിക വർഷം | എക്കോ ക്ലബ്ബ് | കൃഷിവകുപ്പ് |
| പച്ചക്കറിത്തോട്ട നിർമ്മാണം | പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി കൃഷി ഓഫീസിൽ അത്യുൽപ്പാദന ശേഷിയുള്ള തൈകൾ ശേഖരിച്ച് ചട്ടി ഗ്രോബാഗ് എന്നിവയിൽ | അക്കാദമിക വർഷം | എക്കോ ക്ലബ്ബ് | കൃഷിവകുപ്പ് |

| | | | | |
|---|---|---|---|---|
| | ഔഷധത്തോട്ടം ഒരുക്കുന്നു<br>മാഗസിൻ തയ്യാറാക്കുന്നു | | | |
| സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത സ്കൂൾ | പ്ലാസ്റ്റിക് നിരോധനത്തിന്റെ ഭാഗമായി വേസ്റ്റ് ബിൻ സ്ഥാപിക്കുന്നു | അക്കാദമിക വർഷം | ഹെൽത്ത് ക്ലബ്ബ് | ഹരിത കർമ്മ സേന |
| സെക്സ് എഡ്യൂക്കേഷൻ അവബോധക്ലാസ് | കൗമാര കാലഘട്ടത്തിൽ സെക്സ് എഡ്യൂക്കേഷൻ ഉപബോധം നൽകുന്നതിനായി ജനറൽ ആശുപത്രി വിഭാഗം നേഴ്സ് ബോധവൽക്കരണ ക്ലാസ് നടത്തുന്നു | ഒരുതവണ | ഹെൽത്ത് ക്ലബ്ബ് | ആശുപത്രി |
| ഡ്രൈ ഡേ നടത്തുന്നു | മാസത്തിൽ ഒരിക്കൽ ഡ്രൈ ഡേ ആചരിക്കുന്നു അടുക്കള തോട്ടവും വിദ്യാലയമുറ്റവും വൃത്തിയാക്കുന്നു | അക്കാദമിക വർഷം | എക്കോ ക്ലബ്ബ് | എക്കോ ക്ലബ്ബ് |

# HS വിഭാഗം Social science

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവർ ആക്കുക ചരിത്രബോധത്തിൽ നിന്ന് ഭാവി രൂപപ്പെടുത്തുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് സ്വീറ്റ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യ ശാസ്ത്രം അധ്യാപകൻ | സ്കൂൾ, കുട്ടികൾ |
| 2 | പൗരബോധം മൂല്യബോധം തുടങ്ങിയവ വളർത്തുക | പൗരബോധം സാമൂഹ്യ സേവനം തുടങ്ങിയവയ്ക്കുള്ള പ്രവർത്തനം നടത്തുക | അക്കാദമിക വർഷത്തിലെ തെരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യ ശാസ്ത്രം അധ്യാപകൻ | സ്കൂൾ, കുട്ടികൾ |
| 3 | ഭൂപട വായന കുട്ടികളിൽ വളർത്തുകയും സ്ഥല നിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | ഭൂപടം വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു.അറ്റ്ലസ് നിർമ്മാണം | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്രം അധ്യാപകൻ | സ്കൂൾ, കുട്ടികൾ |
| 4 | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ | അ അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്രം അധ്യാപകൻ | സ്കൂൾ, കുട്ടികൾ |

| | | | | | |
|---|---|---|---|---|---|
| | | ദിനാചരണങ്ങൾ പ്രശ്നോത്തരി സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക ചരിത്ര സിനിമ പ്രദർശനം | | | |
| 5 | വ്യത്യസ്തയിനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെ കുറിച്ചും കാറ്റുകൾ സമുദ്രങ്ങൾ പർവതങ്ങൾ ഇവയെല്ലാം പരിചയപ്പെടുത്തുക എന്ന ലക്ഷ്യം | വിവിധ മേഖലകളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ | അ അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്രം അധ്യാപകൻ | സ്കൂൾ, കുട്ടികൾ |
| 6 | ജനാധിപത്യം അവബോധം കുട്ടികൾക്ക് നൽകുന്നതിന് സ്കൂൾ പാർലമെൻറ് തിരഞ്ഞെടുപ്പ് | സ്കൂൾ പാർലമെൻറ് തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമി വർഷത്തിലെ പ്രത്യേകം തെരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യ ശാസ്ത്രം അധ്യാപകൻ | സ്കൂൾ, കുട്ടികൾ |
| 7 | സാമൂഹ്യ ശാസ്ത്രാവബോധം വളർത്തുക | സാമൂഹിക പ്രശ്നങ്ങൾ ആയ ദാരിദ്ര്യം തൊഴിലില്ലായ്മ തുടങ്ങിയവയെ കുറിച്ച് പഠിക്കുന്നു | ചെറിയ കാലയളവിൽ | സാമൂഹ്യ ശാസ്ത്രം അധ്യാപകൻ | |

# HS വിഭാഗം Maths

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ആശയ ധാരണ കൈവരിക്കാൻ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ | അധ്യാപക മുന്നോക്കം നിൽക്കുന്ന കുട്ടികൾ | ടീച്ചേഴ്സ് ഗ്രാൻഡ് |
| 2 | നിർമ്മിതികളിലെ ശേഷി കൈവരിക്കാൻ | ഇൻസ്ട്രമെന്റ് ബോക്സിന്റെ ലഭ്യത , ഗണിതരൂപങ്ങൾ ഉണ്ടാക്കാൻ ഡിസ്കൗണ്ട് | തുടർ പ്രവർത്തനം | ഗണിത അധ്യാപകൻ | ടീച്ചേഴ്സ് ഗ്രാൻഡ് |
| 3 | നിത്യജീവിതത്തിലെ പണസംബന്ധമായ കാര്യങ്ങളിൽ ഗണിതം പ്രയോജനപ്പെടുത്തുന്നതിന് | പഴയകാല നാണയങ്ങളും പുതിയതും ഉൾപ്പെടുത്തി പ്രദർശനം , ചെക്ക് ബുക്ക് ക്യാഷ് ബുക്ക് എന്നിവ പരിചയപ്പെടൽ **interest , GST** ബില്ലുകൾ തുടങ്ങിയവയെ അറിയൽ | ജൂലൈ | ഗണിത അധ്യാപകൻ | ടീച്ചേഴ്സ് ഗ്രാൻഡ് |

| | | | | | |
|---|---|---|---|---|---|
| 4 | മികച്ച ഗണിത ഗ്രന്ഥങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ | ഗണിത പുസ്തകങ്ങൾ ശേഖരിക്കൽ ഗണിത പുസ്തകങ്ങളെ പരിചയപ്പെടുത്തൽ | ആഗസ്റ്റ് | ഗണിത അധ്യാപകൻ | പി ടി എ |
| 5 | മികച്ച ഗണിത പ്രതിഭകളെ കണ്ടെത്തൽ | ഗണിത ക്വിസ് , Maths talent search , മോഡലുകൾ , ഗെയിമുകൾ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങളിൽ സ്കൂൾതല മത്സരം പ്രദർശനം | സെപ്റ്റംബർ | ഗണിത അധ്യാപകൻ | ടീച്ചേഴ്സ് ഗ്രാൻഡ് |
| 6 | ഗണിത അഭിരുചി വളർത്തൽ | ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ ഗണിതവുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ , കടങ്കഥകൾ , ഗെയിമുകൾ ശേഖരിക്കാൻ | ഒക്ടോബർ | ഗണിത ക്ലബ് | ടീച്ചേഴ്സ് ഗ്രാൻഡ് |
| 7 | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്താൻ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | നവംബർ | ഗണിത അധ്യാപകൻ , പി ടി എ | പി ടി എ |
| 8 | ഗണിത പഠനം രസകരവും | ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ | ഡിസംബർ | | പി ടി എ |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | ആകർഷകവും ആക്കൽ | | | | |
| 9 | ഗണിത ലാബ് | ഗണിത ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കുന്നു | ജനുവരി | ഗണിത അധ്യാപകൻ | |
| 10 | സംഘബോധം ഉണ്ടാക്കൽ | ഗ്രൂപ്പ് ആക്ടിവിറ്റി ഗണിതകേളി | തുടർ പ്രവർത്തനങ്ങൾ | ഗണിത അധ്യാപകൻ | |
| 11 | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി ടി എ നടത്തി രക്ഷിതാക്കൾക്ക് ബോധവൽക്കരണം | മാസത്തിൽ ഒരുതവണ | ഗണിത അധ്യാപകൻ , പ്രധാന അധ്യാപിക | |

# UP വിഭാഗം

# UP വിഭാഗം Malayalam

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | എൻറെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ , കവിത , യാത്രാനുഭവം , അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു<br>ഭാഷാ കേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു<br>വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2 | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | വാർത്താ ലോകത്തേക്ക്<br>പത്രം , ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ | എല്ലാദിവസവും | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |

| | | | | | |
|---|---|---|---|---|---|
| | | പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. വാർത്താ വായന നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു .ക്ലാസ്സ് തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു . അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ് , സ്കൂൾ , ലൈബ്രറി പുസ്തകങ്ങൾ എന്നിവ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | പ്രതിമാസം<br><br>വർഷത്തിൽ മൂന്നു പ്രാവശ്യം | മലയാളം അധ്യാപകർ | |
| 3 | സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സംവാദം / മുഖമുഖം സാഹിത്യകാരന്മാർ ,എഴുത്തുകാർ , കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ടു പ്രാവശ്യം | മലയാളം അധ്യാപകർ | |
| 4 | പഠിതാക്കളുടെ കാലാവാസനക | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽകാഴ്ചകൾ , | അക്കാദമിക | മലയാളം | |

| | | | | | |
|---|---|---|---|---|---|
| | ളെ പരിപോഷിപ്പിക്കൽ | ലഘു നാടകങ്ങൾ തുടങ്ങിയവ ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | വർഷം | അധ്യാപകർ | |
| 5 | കുട്ടികളുടെ ആകാശവാണി സെന്റ് മേരിസ് എഫ്.എം അവതരണമികവ്. | സെന്റ് മേരിസ് എഫ്.എം വിശേഷദിവസങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായി അഭിമുഖം നടത്തുന്നു . വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കുന്നു .സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു | ആഴ്ചയിലൊന്ന് | ക്ലാസ് ലീഡർമാർ മലയാളം അധ്യാപകർ | |

# UP വിഭാഗം English

| No. | Aim | Activities | Month | Responsible person | Economic source |
|---|---|---|---|---|---|
